**പതിനഞ്ചാം കേരള നിയമസഭ**
**7-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*26** **05.12.2022-ൽ മറുപടിയ്ക്ക്**

**തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ ഇളവ്**

ചോദ്യം
ശ്രീ കടകംപള്ളി സുരേന്ദ്രൻ
ശ്രീ. പി.പി. ചിത്തരഞ്ജൻ
ശ്രീമതി കാനത്തിൽ ജമീല
ശ്രീ എം മുകേഷ് :

മറുപടി
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാരിന്റെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം സംസ്ഥാനത്താകെ തീരദേശ മേഖലയുടെ വികസനത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നതിനും ജനജീവിതം ദുസ്സഹമാക്കുന്നതിനും കാരണമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ സവിശേഷ സാഹചര്യവും വികസന താല്പര്യവും കണക്കിലെടുത്ത്, കേന്ദ്ര സർക്കാരിന്റെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ എന്തൊക്കെ ഇളവുകളാണ് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 2019 CRZ വിജ്ഞാപനത്തിൽ സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന ഇളവുകൾ ചുവടെ ചേർക്കുന്നു.<br>• ജനസാന്ദ്രത കൂടിയ 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുവാദം.<br>• പൊക്കാളി പാടങ്ങളുടെയും വേലിയേറ്റ സ്വാധീനമുള്ള നീർത്തടങ്ങൾക്ക് സമീപമുള്ള കൃഷിഭൂമിയെയും CRZ-II അല്ലെങ്കിൽ CRZ-III എന്ന് തരംതിരിക്കുന്നതിനുള്ള അനുവാദം.<br>• കേരളത്തിലെ 1826 ദ്വീപുകൾക്കായുള്ള IIMP |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് IIMP തയ്യാറാക്കുന്നതിനായി 10 ഹെക്ടറിൽ കൂടുതലും അതിൽ കുറവും വിസ്തൃതിയുടെ അടിസ്ഥാനത്തിൽ, കേരളത്തിന് അനുയോജ്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകുവാൻ അഭ്യർത്ഥിച്ചു.<br>• കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) -1996 പ്രകാരമുള്ള CRZ പരിധി സ്വീകരിക്കുവാൻ സംസ്ഥാനത്തെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. |
| (ബി) | സംസ്ഥാന സർക്കാരിന്റെ നിരന്തര ഇടപെടലിന്റെ ഫലമായി പുതുതായി എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2019 CRZ വിജ്ഞാപനവുമായി ബന്ധപ്പെട്ട് പുതുതായി നൽകിയ ഇളവുകൾ ചുവടെ ചേർക്കുന്നു.<br>• 2019 CRZ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് വിജ്ഞാപനം ചെയ്ത 26.02.2011 തീയതിയിലെ GO (Ms)64/2011/LSGD സർക്കാർ ഉത്തരവിൽ ശുപാർശ ചെയ്തതു പ്രകാരമുള്ള 66 കാറ്റഗറി I തീരദേശ ഗ്രാമപഞ്ചായത്തുകളെ "നിലവിലുള്ള മറ്റ് നിയമപരമായി വികസിത നഗര പ്രദേശങ്ങൾ" |

| | | | |
|---|---|---|---|
| | | | ആയി പരിഗണിക്കാവുന്നതാണെന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചിട്ടുണ്ട്. അത്തരം കാറ്റഗറി I പഞ്ചായത്തുകൾ നിർമ്മിത വിസ്തീർണ്ണത്തിന്റെയും വികസന അടിസ്ഥാന സൗകര്യങ്ങളുടെയും മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും CRZ II ഏരിയയുടെ പരിധിയിൽ വരുന്നതായി തരം തിരിക്കുന്നത് പരിഗണിക്കാമെന്നും അറിയിച്ചു.<br>• പൊക്കാളി പാടങ്ങളിൽ വേലിയേറ്റ രേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021 ൽ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭേദഗതി പ്രകാരം 1991-ന് മുൻപ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചു. |
| (സി) | കേന്ദ്ര സർക്കാർ വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ തീരദേശ പരിപാലന പദ്ധതി സമയബന്ധിതമായി തയ്യാറാക്കി ജനാഭിപ്രായം ആരായുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് | (സി) | 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | വിജ്ഞാപനത്തന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം അനുവദിച്ച ഇളവുകൾ പ്രീ-ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)- ൽ നിന്ന് ലഭിച്ചാൽ ടി പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗ് 2023 ജനുവരി അവസാനത്തോടു കൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**